ഇ2- 48617/2014

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(വൈൽഡ് ലൈഫ്) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്, തിരുവനന്തപുരം.

തീയതി : 26.10.2015.

## സർക്കുലർ നമ്പർ 04/2015

സർ

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ഡ്രൈവർമുരുടെ യൂണിഫോം പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 26.09.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 73/2015/വനം.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.10.2015 ലെ ഇ2 48617/14 നമ്പർ മേലെഴുത്ത്.

വനം വകുപ്പിലെ ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽപ്പെട്ട ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരിഷ്കരിച്ച യൂണിഫോം വനം വകുപ്പിലെ ഫോറസ്റ്റ് ഡ്രൈവർമാർ കൃത്യമായി ധരിക്കുന്നു എന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പുവരുത്തണമെന്നും വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും സൂചന (1) സർക്കാർ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സൂചന (1) സർക്കാർ ഉത്തരവ് സൂചന (2) മേലെഴുത്ത് പ്രകാരം ബന്ധപ്പെട്ട എല്ലാ ഓഫീസ് മേലധികാരികൾക്കും ഇ-മെയിൽ മുഖേന നൽകുകയും വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവ് പ്രകാരം പരിഷ്കരിച്ച യൂണിഫോം വനം വകുപ്പിലെ എല്ലാ ഫോറസ്റ്റ് ഡ്രൈവർമാരും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കൃത്യമായി ധരിക്കുന്നു എന്ന് ബന്ധപ്പെട്ട മേലധികാരികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വീഴ്ച വരുത്തുന്നത് വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും. സൂചന (1) സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

വിശ്വസ്തതയോടെ,

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്)
& ചീഫ് വൈൽഡ് ലൈഫ് വാർഡൻ

പകർപ്പ്:- എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർ /ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/വർക്കിംഗ് പ്ലാൻ ഓഫീസർമാർക്കും.

പകർപ്പ് വനം വകുപ്പിലെ ഔദ്യോഗിക വെബ്സൈറ്റിലേക്ക്.

D:\Anuraj kadakkal\Circular\E2\48617.M.doc

49769

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ(എം.എസ്.) നം.73/2015/വനം തീയതി, തിരുവനന്തപുരം, 26/09/2015.

---

പരാമർശം: 1. സ.ഉ.(പി)നം.84/2014/വനം. തീയതി 20/09/2014.
2. സ.ഉ.(എം.എസ്)നം.12/2013/വനം. തീയതി 30/01/2013.
3. 22/05/2015 ൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 2-48617/2014 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം 3 പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു. ഫോറസ്റ്റ് ഡ്രൈവർ കാറ്റഗറി 2010 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിൽ ഉൾപ്പെടുത്തിയതിനാൽ ഡ്രൈവർമാർ വനം വകുപ്പിലെ സംരക്ഷണവിഭാഗത്തിന്റെ ഭാഗമായിട്ടുണ്ടെന്നും, സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഗ്രേഡ്, ഉദ്യോഗ പേര് എന്നിവ പരാമർശം 2 പ്രകാരം അനുവദിച്ചതിന്റെ വെളിച്ചത്തിലും, വനം വകുപ്പിലെ ഫോറസ്റ്റ് ഡ്രൈവർ തസ്തികയിൽ ഉൾപ്പെട്ടവർക്കുകൂടി ഇത്തരത്തിൽ ഗ്രേഡ് ഉദ്യോഗപ്പേര് അനുവദിക്കണമെന്നും, തസ്തിക പുനർ നാമകരണം ചെയ്യണമെന്നും, യൂണിഫോം പരിഷ്കരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വനം വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

E2
28/09/15
SAA

30/9/15

28/9

29/9

| ഉദ്യോഗപ്പേര് | അനുവദനീയമായ യൂണിഫോം |
|---|---|
| ഡ്രൈവർ ഗ്രേഡ് II (9190-15780) | വനം വകുപ്പിലെ ഡ്രൈവർമാരുടെ നിലവിലുള്ള യൂണിഫോം. |
| ഡ്രൈവർ ഗ്രേഡ് I (10480-18300) | ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കു തുല്യമായ യൂണിഫോം |
| ഡ്രൈവർ സീനിയർ ഗ്രേഡ് (11620-20240) | ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ യൂണിഫോമും ഒരു അധിക ബാഡ്ജും |
| ഡ്രൈവർ സെലക്ഷൻ ഗ്രേഡ് (14620-25280) | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കു തുല്യമായി സ്റ്റാർ ഒഴിവാക്കിയുള്ള യൂണിഫോം. |

3. ഇപ്രകാരം യൂണിഫോം പരിഷ്കരിക്കുന്നതു മൂലം കൂടിയ യൂണിഫോം അലവൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല. കൂടാതെ ഡ്രൈവർമാർ യൂണിഫോം കൃത്യമായി ധരിക്കുന്നുവെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും അതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ കർശനമായി അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( നമ്പർ -42987/അഗ്രി.എ.2/15/ധന തീയതി 07/08/2015)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

mail
1/10/15

Endt No: E2-48617/2014 dt 01-10-2015

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Forwarded to all PCCFs/APCCFs/CCFs/CFs/DFO's and WLW's for information and further action.

For Addl. PCCF (Admn)